## ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ :അബുൽകലാം.എം)

വിഷയം: തൊഴിൽ വകുപ്പ്- ഭരണ നിർവ്വഹണം-ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക്സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

വായന:

1. ലേബർ കമ്മീഷണറുടെ 30/06/2021 ലെ ഇ 1/1767/2021-ാം നമ്പർ ഉത്തരവ്
2. ലേബർ കമ്മീഷണറുടെ 30/06/21 ലെ ഇ 1/1767/2021(1)-ാം നമ്പർ ഉത്തരവ്
3. ഈ കാര്യാലയത്തിൽ നിന്നും സർക്കാരിനയച്ച 05/05/2021 തീയതിയിലെ ഇ 2/19634/18-ാം നമ്പർ കത്ത്.
4. ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നുള്ള 02/07/21 ലെ ഇതേ നമ്പർ ഉത്തരവ്

### ഉത്തരവ് നമ്പർ LCO-10327/2021/E2 തിരുവനന്തപുരം തീയതി: 12/07/2021

ലേബർ കമ്മീഷണറുടെ വായന (1) ഉത്തരവ് പ്രകാരം തൊഴിൽ വകുപ്പിലെ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീ.ഉണ്ണി.കെ.എം.-നെ സ്ഥാനകയറ്റം നൽകി സെക്രട്ടറി, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ, തൃശ്ശൂർ കാര്യാലയത്തിലും, ഇടുക്കി ജില്ലാ ലേബർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ചന്ദ്രൻ.ജി-യെ സീനിയർ സൂപ്രണ്ടായി സ്ഥാനകയറ്റം നൽകി കൊല്ലം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിലും നിയമിച്ചു. കൂടാതെ വായന (2) ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ ലേബർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.പ്രീണാമംഗളാനന്ദനെ സ്ഥാനകയറ്റം നൽകി സെക്രട്ടറി, മിനിമം വേതന ഉപദേശക സമിതി കാര്യാലയം, തിരുവനന്തപുരത്തും നിയമിച്ചു.

2. മേൽ സ്ഥാനകയറ്റം അനുവദിച്ചതുവഴി പാലക്കാട് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലും, ഇടുക്കി ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലും, കൊല്ലം ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലും കൂടി മൂന്ന് ജൂനിയർ സൂപ്രണ്ട്മാരുടെ ഒഴിവ് നിലവിലുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡ് തൃശ്ശൂർ ജില്ല എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവനം അനുഷ്ഠിച്ചിരുന്ന തൊഴിൽ വകുപ്പിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി .സാവിത്രി.പി.പി മാതൃവകുപ്പിലേയ്ക്ക് മടങ്ങി വന്നതിനാൽ ടിയാരിയ്ക്ക് വായന(4) ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ നിലവിലെ ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവിൽ നിയമിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഇടുക്കി, കൊല്ലം ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിൽ രണ്ട് ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവ് നിലവിലുണ്ട് . ടി ഒഴിവുകളിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾ 28(ബി) (ii) പ്രകാരം 43400-91200 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താഴെ പറയും പ്രകാരം സ്ഥാനകയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു. ടി സ്ഥാനകയറ്റ ഉത്തരവ് വായന (3) പ്രകാരം ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05/05/2021 തീയതിയിലെ ഇ (2)19634/2016 നമ്പർ കത്തിന്റെ മറുപടി /ഉത്തരവ് അനുസരിച്ച് ഭേദഗതി വരുത്തുന്നതും ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുന്നതുമാണ്.

| സ്ഥാനകയറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനകയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീമതി.ചന്ദന.പി.എസ് (പെൻ.512713), ഹെഡ് ക്ലാർക്ക് ജില്ലാ ലേബർ ഓഫീസ്, പത്തനംതിട്ട | ജൂനിയർ സൂപ്രണ്ട് ജില്ലാ ലേബർ ഓഫീസ്, ഇടുക്കി | ഇടുക്കി ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ചന്ദ്രൻ.ജി - യെ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയതുവഴി ഉണ്ടായ ഒഴിവിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാന കയറ്റം നൽകി നിയമിക്കുന്നു. |
| 2 | ശ്രീമതി.പ്രിയ.വി (പെൻ.512515), ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, കാസർഗോഡ് | ജൂനിയർ സൂപ്രണ്ട് ജില്ലാ ലേബർ ഓഫീസ്, കൊല്ലം | കൊല്ലം ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. പ്രീണാമംഗളാനന്ദനെ-സെക്രട്ടറി മിനിമം വേതന ഉപദേശക സമിതിയുടെ കാര്യാലയം തിരുവനന്തപുരത്ത് സ്ഥാനകയറ്റം നൽകിയതുവഴി ഉണ്ടായ ഒഴിവിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാന കയറ്റം നൽകി നിയമിക്കുന്നു. |

3. മേൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകിയതുവഴി ഉണ്ടായ ഒഴിവിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ്സ് റൂൾ 28(ബി)(ii)പ്രകാരം 39300-83000 ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ റഗുലർ ബേസിസിൽ താഴെ പറയും പ്രകാരം സ്ഥാനകയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു. ഈ ഹെഡ് ക്ലാർക്ക് സ്ഥാനകയറ്റ ഉത്തരവും വായന (3) പ്രകാരം ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05/05/2021 തീയതിയിലെ ഇ(2)-19634/2016 നമ്പർ കത്തിന്റെ മറുപടി/ഉത്തരവ് അനുസരിച്ച് ഭേദഗതി വരുത്തുന്നതും ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുന്നതുമാണ്.

| സ്ഥാനകയറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനകയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീമതി.ഗിരിജ.കെ.കെ, (പെൻ.456541) സീനിയർ ക്ലാർക്ക് അസിസ്റ്റന്റ് ലേബർ ഓഫീസ്, തിരൂർ, മലപ്പുറം. | ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, കാസർഗോഡ് | കാസർഗോഡ് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.പ്രിയ. വി-യെ ജൂനിയർ സൂപ്രണ്ടായി സ്ഥാനകയറ്റം നൽകിയതുവഴി ഉണ്ടായ ഒഴിവിൽ ഹെഡ് ക്ലാർക്ക് ആയി സ്ഥാനകയറ്റം നൽകി നിയമിക്കുന്നു. |
| 2 | ശ്രീമതി.ഷംല.എ (പെൻ.619257), സീനിയർ ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം, തിരുവനന്തപുരം | ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, പത്തനംതിട്ട. | പത്തനംതിട്ട ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.ചന്ദന. പി.എസ്-നെ ജൂനിയർ സൂപ്രണ്ടായി സ്ഥാനകയറ്റം നൽകിയതുവഴി ഉണ്ടായ ഒഴിവിൽ ഹെഡ് ക്ലാർക്ക് ആയി സ്ഥാനകയറ്റം നൽകി നിയമിക്കുന്നു. |

4. നിയന്താണാധികാരികൾ ടി ഉത്തരവുകൾ അടിയന്തരമായി നടപ്പിലാക്കി ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി ഉത്തരവ് സംബന്ധിച്ച് സർവ്വീസ് പുസ്തകത്തിലും സ്പാർക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

Abul Kalam

Senior Administrative Officer

ABUL KALAM.M
Senior Administrative Officer
O/o the Labour Commissioner
Thiruvananthapuram

ബന്ധപ്പെട്ടവർക്ക്(വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-

1. പി.എ.റ്റു ലേബർ കമ്മീഷണർ
2. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം, എറണാകുളം, കോഴിക്കോട്.
3. ജില്ലാ ലേബർ ഓഫീസർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി മലപ്പുറം, കാസർഗോഡ്
4. അസിസ്റ്റന്റ് ലേബർ ഓഫീസർ, തിരൂർ(മലപ്പുറം)
5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
6. സീനിയർ സൂപ്രണ്ട്(ഇ)
7. ജൂനിയർ സൂപ്രണ്ട്(ഇ/ എ)

8) ഫയൽ/സ്റ്റോക്ക് ഫയൽ